**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 713** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വനാവകാശ പട്ടയം വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊടുമല, പന്തപ്ലാമൂട് വാർഡുകളിലെ പട്ടികവർഗ്ഗ ഉന്നതികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം വനാവകാശ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സ്വീകരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രദേശങ്ങളിലെ വനാവകാശ പട്ടയത്തിന് അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വനാവകാശ പട്ടയത്തിന് അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 339 ആണ്.

**(സി)** വനാവകാശ പട്ടയത്തിന്മേൽ ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം പരിഗണനയിലുണ്ടെന്നും എത്ര പേർക്ക് ഇതുവരെ പട്ടയം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത പ്രദേശങ്ങളിൽ വനാവകാശ പട്ടയത്തിന്മേൽ ലഭിച്ച അപേക്ഷകളിൽ 80 അപേക്ഷകൾ നിലവിൽ സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിയുടെ (SDLC) പരിഗണനയിലുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ മുഖേനെയാണ് പട്ടയവിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. തിരുവനന്തപുരം ജില്ലയിലാകമാനം 6106 പേർക്ക് ഇതുവരെ വനാവകാശ നിയമ പ്രകാരം കൈവശരേഖ നൽകിയിട്ടുണ്ട്.

**(ഡി)** പ്രസ്തുത പട്ടയം ലഭിക്കാൻ അർഹരായ ശേഷിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ പട്ടയം വിതരണം ചെയ്യുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പട്ടയം ലഭിക്കാൻ അർഹരായ ശേഷിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**